# കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (KM–GBF)



# കുൻമിംഗ് മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (KM-GBF)

- ആഗോളതലത്തിൽ 2030 നകം നടപ്പിലാക്കേണ്ട 23 പ്രവർത്തന ലക്ഷ്യങ്ങൾ KM-GBF ൽ ഉൾപ്പെടുന്നു.
- KM-GBF -23 ലക്ഷ്യങ്ങൾ 2030 നകം കൈവരിക്കേണ്ടതിനാൽ, പ്രസ്തുത ആഗോള ലക്ഷ്യങ്ങൾക്കനുസൃതമായിട്ട് ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ 2023-24 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം ആകെ 23 ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളാണുള്ളത്.
- പ്രസ്തുത ലക്ഷ്യങ്ങൾ 2030 നകം നടപ്പിലാക്കേണ്ടവയായതിനാൽ, ആയതുകൂടി പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതിയിലുൾപ്പെടുത്തേണ്ടതാണ്.






# KM-GBF – ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ

## 1) ജൈവവൈവിധ്യ നേരിടുന്ന ഭീഷണികൾ കുറയ്ക്കുക

- **ലക്ഷ്യം 1** – ജൈവവൈവിധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏകീകൃത സമുദ്ര / ഭൂവിനിയോഗ ആസൂത്രണം.
- **ലക്ഷ്യം 2** – ആവാസവ്യവസ്ഥാ പുനഃസ്ഥാപനം.
- **ലക്ഷ്യം 3** – കരയിലെയും സമുദ്രത്തിലെയും പ്രദേശങ്ങൾ സംരക്ഷിച്ച് പരിപാലിക്കൽ.
- **ലക്ഷ്യം 4** – ജൈവജാതി, ജനിതക വൈവിധ്യങ്ങളുടെ പരിപാലനം.
- **ലക്ഷ്യം 5** – വന്യ ജീവജാലങ്ങളുടെ വിളവെടുപ്പ്, വ്യാപാരം, ഉപയോഗം.
- **ലക്ഷ്യം 6** – അധിനിവേശ ജീവജാലങ്ങൾ.
- **ലക്ഷ്യം 7** – മലിനീകരണം മൂലമുള്ള അപകടങ്ങളും ദോഷഫലങ്ങളും കുറയ്ക്കുക.
- **ലക്ഷ്യം 8** – കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുക.



# KM-GBF – ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ

**2) സുസ്ഥിരോപയോഗം പ്രയോജനങ്ങളുടെ പങ്കുവെയ്ക്കൽ എന്നിവയിലൂടെ ജനങ്ങളുടെ ആവശ്യങ്ങൾ നടപ്പിലാക്കുക.**

- **ലക്ഷ്യം 9 –** പലവിധ നേട്ടങ്ങൾക്കായി വന്യ ജീവജാലങ്ങളുടെ സുസ്ഥിരോപയോഗം.
- **ലക്ഷ്യം 10 –** കൃഷി, മൃഗസംരക്ഷണം, അക്വാകൾച്ചർ, മത്സ്യബന്ധനം, വനപ്രദേശങ്ങൾ എന്നിവയുടെ സുസ്ഥിര പരിപാലനം.
- **ലക്ഷ്യം 11 –** ആവാസവ്യവസ്ഥാ സേവനങ്ങളുടെ പരിപാലനവും വായു, ജലം, അപകടങ്ങൾ, തീവ്രമായ സ്ഥിതിഗതികൾ എന്നിവയുടെ നിയന്ത്രണവും.
- **ലക്ഷ്യം 12 –** ഹരിത നീലയിടങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി അവയുടെ വിസ്തൃതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുക.
- **ലക്ഷ്യം 13 –** ഉപയോഗവും പ്രയോജനങ്ങളുടെ പങ്കുവെയ്ക്കലും വർദ്ധിപ്പിക്കുക.



# KM–GBF – ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ

## 3) നിർവ്വഹണത്തിനും മുഖ്യധാരയിലെത്തിക്കുന്നതിനുമുള്ള രീതികളും പരിഹാരങ്ങളും

- **ലക്ഷ്യം 14** – ജൈവവൈവിധ്യം മുഖ്യധാരയിലേക്ക്
- **ലക്ഷ്യം 15** – സുസ്ഥിര ഉൽപ്പാദനവും, വിതരണ ശൃംഖലകളും, അപകട സാധ്യത വെളിപ്പെടുത്തലും.
- **ലക്ഷ്യം 16** – സുസ്ഥിരേതര ഉപഭോഗം ഇല്ലാതാക്കൽ.
- **ലക്ഷ്യം 17** – ജൈവസുരക്ഷ നിയന്ത്രണ സാധ്യതകൾ ശാക്തീകരിക്കൽ.
- **ലക്ഷ്യം 18** – ദോഷകരമായിട്ടുള്ള പ്രോത്സാഹനങ്ങൾ (ഇൻസന്റീവുകൾ) പുനഃക്രമീകരിക്കുക.
- **ലക്ഷ്യം 19** – വിഭവ സമാഹരണം
- **ലക്ഷ്യം 20** – കാര്യക്ഷമതാ വികസനവും, ശാസ്ത്ര–സാങ്കേതിക സഹകരണവും.
- **ലക്ഷ്യം 21** – ആശയവിനിമയം, ബോധവൽക്കരണം, അറിവ് സംരക്ഷണം
- **ലക്ഷ്യം 22** – തീരുമാനമെടുക്കുന്നതിൽ തുല്യവും ഫലപ്രദവുമായ പങ്കാളിത്തം.
- **ലക്ഷ്യം 23** – തീരുമാനമെടുക്കുന്നതിലും നടപ്പാക്കുന്നതിലുമുള്ള ലിംഗസമത്വം.



# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 1 – ജൈവവൈവിധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏകീകൃത സമുദ്ര ഭൂവിനിയോഗ ആസൂത്രണം.** | |
| • സ്വാഭാവിക ആവാസവ്യവസ്ഥകളുടെ വ്യാപ്തി.<br>• ജൈവവൈവിധ്യ സംബന്ധമായ സ്പേഷ്യൽ പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുള്ള കരയുടെയും സമുദ്രത്തിന്റെയും ശതമാനം.<br>• മുൻഗണനാടിസ്ഥാനത്തിൽ നിലനിർത്തിയിട്ടുള്ള വിജനപ്രദേശങ്ങളുടെ വിസ്തൃതി.<br>• സമുദ്ര സംരക്ഷിത കേന്ദ്രങ്ങളിലോ തീരസംരക്ഷണ പരിപാലന സോണുകളിലോ ഉൾപ്പെട്ടിട്ടുള്ള ആവാസകേന്ദ്രങ്ങളുടെ വിസ്തൃതി.<br>• മറ്റു സ്പേഷ്യൽ മാനേജ്മെന്റ് പ്ലാനുകൾ (സമുദ്ര-തീരദേശ പരിപാലന സ്പേഷ്യൽ പ്ലാനിംഗിൽ ഉൾപ്പെട്ടിട്ടില്ലാത്തവ).<br>• ആസൂത്രണ പ്രക്രിയയിൽ സമുദ്ര സംബന്ധമായിട്ടുള്ള വിവരങ്ങൾ ഉപയോഗിക്കുന്ന രാജ്യങ്ങളുടെ എണ്ണം.<br>• കൃ<br>• ഷി ചെയ്യുന്ന ആകെ കരഭൂമിയുടെ ശതമാനം.<br>• വിവിധ സ്വാഭാവിക ആവാസവ്യവസ്ഥകളുടെ വ്യാപ്തി.<br>• നയരൂപീകരണത്തിലും ആസൂത്രണത്തിലും ജൈവവൈവിധ്യത്തിന്റെയും പാരിസ്ഥിതിക സേവനങ്ങളുടെയും പ്രതിഫലനം (ശതമാനം).<br>• പുഴയോര ആവാസവ്യവസ്ഥകളുടെയും തണ്ണീർത്തടങ്ങളുടെയും (കരയിലെയും തീരപ്രദേശത്തെയും) വിസ്തൃതി.<br>• ഏകീകൃത പരിപാലന പ്ലാനുകളിലുൾപ്പെട്ട തണ്ണീർത്തടങ്ങളുടെ എണ്ണം. | • ഭൂവിനിയോഗം, വനപ്രദേശം, തണ്ണീർത്തടം, തീരപ്രദേശ, സമുദ്ര ആവാസവ്യവസ്ഥകൾ, പാഴ്നിലങ്ങൾ, നാശോന്മുഖമായിട്ടുള്ള ആവാസവ്യവസ്ഥകൾ, ജലവിഭവങ്ങൾ, കാർഷിക ജൈവവൈവിധ്യം തുടങ്ങി ജൈവവൈവിധ്യത്തിന്റെ വിവിധ ഘടകങ്ങളെ സ്പേഷ്യൽ പ്ലാനിംഗിന്റെ വിവിധതലങ്ങളിൽ ഏകീകരിക്കൽ.<br>• വിവിധ ഉറവിടങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് "ബയോഡൈവേഴ്സിറ്റി ഡിസിഷൻ സപ്പോർട്ടിംഗ് സിസ്റ്റ"ത്തിനായി ഒരു വെബ് പോർട്ടൽ രൂപീകരിക്കൽ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 2 – ആവാസവ്യവസ്ഥാ പുനഃസ്ഥാപനം.** | |
| • പുനരുജ്ജീവനം നടത്തുന്ന പ്രദേശങ്ങൾ വിസ്തൃതി.<br>• വിവിധ സ്വാഭാവിക ആവാസവ്യവസ്ഥകളുടെ വ്യാപ്തി.<br>• പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന സ്വാഭാവിക ആവാസവ്യവ്യസ്ഥകളുടെ പുനരുജ്ജീവനവും പരിപാലനവും. (വിസ്തൃതി/ എണ്ണം)<br>• ആവാസകേന്ദ്രങ്ങളുടെ വ്യാപനം.<br>• വലിയ സസ്തനികളുടെ ഭൂപ്രദേശങ്ങൾ, വിജനപ്രദേശങ്ങൾ, കാലാവസ്ഥാ സ്ഥിരതയുള്ള പ്രദേശങ്ങൾ (വിസ്തൃതി).<br>• ദ്വിതീയ സ്വാഭാവിക വനപ്രദേശങ്ങളുടെ വർദ്ധനവ് (വിസ്തൃതി).<br>• മുൻഗണനാടിസ്ഥാനത്തിൽ നിലനിർത്തിയിട്ടുള്ള വിജനപ്രദേശങ്ങൾ. (വിസ്തൃതി)<br>• സുപ്രധാന ജൈവവൈവിധ്യ മേഖലകളുടെ ജൈവസമ്പന്നതയുടെ തോത്.<br>• റെഡ് ലിസ്റ്റ് സൂചിക.<br>• വനപ്രദേശത്തിന്റെ വിസ്തൃതി.<br>• ജല ആവാസവ്യവസ്ഥകളുടെ വ്യാപ്തി.<br>• കണ്ടൽപ്രദേശങ്ങൾ, തീരദേശ പരിപാലനം എന്നിവയുടെ തോത്.<br>• നദീജല ഗുണനിലവാര സൂചിക.<br>• വനവൽക്കരണം, പുനരുജ്ജീവനം എന്നിവയുടെ തോത്.<br>• മരുഭൂമിവൽക്കരണം ഇല്ലാതാക്കൽ. (ശതമാനം)<br>• സ്പീഷീസുകളുടെ വീണ്ടെടുക്കൽ. (ശതമാനം, എണ്ണം)<br>• സ്വാഭാവിക രീതികളിലൂടെ കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത നിലനിർത്തൽ (ശതമാനം). | • വിവിധ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പാരിസ്ഥിതിക പുനരുജ്ജീവന പ്രവർത്തനങ്ങൾ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 3 – കരയിലെയും കടലിലെയും പ്രദേശങ്ങൾ സംരക്ഷിച്ച് പരിപാലിക്കൽ.** | |
| • സംരക്ഷിത പ്രദേശങ്ങളുടെയും മറ്റു പ്രദേശാടിസ്ഥാനത്തിലുള്ള ഫലപ്രദമായിട്ടുള്ള സംരക്ഷണ രീതികളുടെയും (OECMs) വ്യാപ്തി.<br>• സംരക്ഷിത പ്രദേശങ്ങളിലെ സുപ്രധാന ജൈവവൈവിധ്യ മേഖലകൾ.<br>• സംരക്ഷിത പ്രദേശങ്ങളുടെ പരിപാലന ഫലപ്രാപ്തി.<br>• സുപ്രധാന ജൈവവൈവിധ്യ മേഖലകളുടെ അവസ്ഥ. (ജൈവസമ്പന്നതയുടെ തോത്)<br>• യുണെസ്കോയുടെ പട്ടികയിലുൾപ്പെട്ട പ്രദേശങ്ങളുടെ വിസ്തൃതി.<br>• സംരക്ഷിത പ്രദേശങ്ങളുടെയും മറ്റു പ്രദേശാടിസ്ഥാനത്തിലുള്ള ഫലപ്രദമായിട്ടുള്ള സംരക്ഷണ രീതികളുടെയും (OECM) ഫലപ്രാപ്തി സൂചകങ്ങൾ.<br>• സംരക്ഷിത പ്രദേശങ്ങളുടെയും OECM സംരക്ഷണ പ്രദേശങ്ങളുടെയും വ്യാപ്തി.<br>• ദേശാടന ജീവജാലങ്ങൾക്ക് പ്രധാന്യമുള്ള പ്രധാനപ്പെട്ട ജൈവവൈവിധ്യ മേഖലകളുടെ വ്യാപ്തി.<br>• സംരക്ഷിത പ്രദേശങ്ങളുടെയും OECM മുഖേനയുള്ള സംരക്ഷണ പ്രദേശങ്ങളുടെയും പരമ്പരാഗത മേഖലകളുടെയും വ്യാപ്തി (ഭരണപരമായിട്ടുള്ളത്).<br>• രാംസർ പരിപാലന ഫലപ്രാപ്തി വിലയിരുത്തൽ രീതികൾ (R-METT).<br>• ഏതെങ്കിലും രീതിയിൽ പരമ്പരാഗത ജനതയ്ക്കും പ്രാദേശിക സമൂഹത്തിനും പ്രാധാന്യമുള്ള സ്ഥല ത്തിന്റെ വ്യാപ്തി.<br>• സംരക്ഷിത പ്രദേശങ്ങളായിട്ടുള്ളതോ, OECM സംരക്ഷണ പ്രദേശങ്ങളായിട്ടുള്ളതോ ആയ കര, ശുദ്ധജലം, സമുദ്ര പാരിസ്ഥിതിക മേഖലകളുടെ അനുപാതം. | • ഭൂപ്രകൃതി അടിസ്ഥാനത്തിലുള്ളതും നിയമപരമായിട്ടുള്ളതുമായ OECM വിഭാഗത്തിലുൾപ്പെട്ട സംരക്ഷിത പ്രദേശങ്ങൾ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 3 – കരയിലെയും കടലിലെയും പ്രദേശങ്ങൾ സംരക്ഷിച്ച് പരിപാലിക്കൽ.** | |
| • നിയമപരമായിട്ടുള്ള നാല് വിഭാഗങ്ങളിലെ സംരക്ഷിത മേഖലകൾ (നാഷണൽ പാർക്ക്, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വുകൾ, കൺസർവേഷൻ റിസർവ്വുകൾ). (വിസ്തൃതി)<br>• മറ്റ് പ്രദേശാടിസ്ഥാനത്തിലുള്ള സംരക്ഷണ രീതികൾ.<br>• ജൈവവൈവിധ്യ നിയമം, 2002 പ്രകാരം ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ. (എണ്ണം, വിസ്തൃതി)<br>• സംയോജിത പരിപാലനത്തിൽ ഉൾപ്പെട്ടിട്ടുള്ള തണ്ണീർത്തടങ്ങൾ. (എണ്ണം, വിസ്തൃതി)<br>• പ്രധാന പക്ഷി കേന്ദ്രങ്ങൾ. (എണ്ണം, വിസ്തൃതി)<br>• 16 IDWH സ്പീഷീസുകളുടെയും 7 സമുദ്ര സ്പീഷീസുകളുടെയും അവസ്ഥയും ജനസംഖ്യാ സൂചികയും.<br>• നാല് നിർദ്ദിഷ്ട വിഭാഗങ്ങളിലെയും വനപ്രദേശങ്ങളുടെ എണ്ണം, വ്യാപ്തി.<br>• റെഡ് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ഇന്ത്യയിലെ സസ്യ-ജന്തുജാലങ്ങളുടെ എണ്ണം, ശതമാനം.<br>• വായു, ജല ഗുണനിലവാരത്തിന്റെയും, ശബ്ദ മലിനീകരണത്തിന്റെയും തോത്.<br>• അപൂർവ്വമായിട്ടുള്ള കാർഷിക ജൈവവൈവിധ്യ പ്രദേശങ്ങളുടെ വിസ്തൃതിയും അവയുടെ ഭീഷണികളും | • ഭൂപ്രകൃതി അടിസ്ഥാനത്തിലുള്ളതും നിയമപരമായിട്ടുള്ളതുമായ OECM വിഭാഗത്തിലുൾപ്പെട്ട സംരക്ഷിത പ്രദേശങ്ങൾ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 4 – ജൈവജാതി, ജനിതക വൈവിധ്യങ്ങളുടെ പരിപാലനം.** | |
| • റെഡ് ലിസ്റ്റ് സൂചിക<br>• ഇടത്തര-ദീർഘകാല സംരക്ഷണ സംവിധാനങ്ങളിലൂടെ സംരക്ഷിക്കപ്പെട്ടിട്ടുള്ള സസ്യ-ജന്തു ജനിതക വിഭവങ്ങളുടെ എണ്ണം.<br>• മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും നിലനിൽപ്പിന്റെയും സുസ്ഥിരവും ഫലപ്രദവുമായിട്ടുള്ള പരിപാലനത്തിലെ ഫലപ്രാപ്തി (ശതമാനം).<br>• 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള സ്പീഷീസുകളുടെ സംരക്ഷണാവസ്ഥ. (ശതമാനം)<br>• വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളിൽ മെച്ചപ്പെട്ട അവസ്ഥയിലാകുന്നവയുടെ ശതമാനം.<br>• വംശനാശ ഭീഷണിയുള്ളതായി തരംതിരിച്ചിട്ടുള്ള പ്രാദേശിക ബ്രീഡുകളുടെ അനുപാതം.<br>• അധിനിവേശ ജീവജാലങ്ങളുടെ വ്യാപനതോത്.<br>• തിരഞ്ഞെടുത്ത ജീവജാലങ്ങളുടെ എണ്ണം.<br>• വംശനാശ ഭീഷണി നേരിടുന്ന ടാക്സകളെ എടുത്തുകാണിക്കുന്നതിനും അവയുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി ജൈവജാതികളുടെയും ഉപജാതികളുടെയും ഇനങ്ങളുടെയും ദേശീയതലത്തിലെ സംരക്ഷണാവസ്ഥ. | • സ്പീഷീസുകൾ ഫലപ്രദമായി സംരക്ഷിക്കുന്നതിനും അവയുടെ ജനിതക വൈവിധ്യം പരിപാലിക്കുന്നതിനുമായി ടാക്സോണമി, സ്പീഷിസുകളുടെ വീണ്ടെടുക്കലും പരിപാലനവും, ബ്രീഡിംഗ്, നിരീക്ഷണം എന്നിവ നടത്തുന്നതിന് കഴിവുള്ള BSI, ZSI തുടങ്ങിയ സ്ഥാപനങ്ങളുടെ വർദ്ധനവും ശാക്തീകരണവും. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 4 – ജൈവജാതി, ജനിതക വൈവിധ്യങ്ങളുടെ പരിപാലനം.** | |
| **ജന്തു ജനിതക വൈവിധ്യം :**<br>• തനത്/ വളർത്തുമൃഗങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് (സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കകത്ത്)<br>• വളർത്തുമൃഗങ്ങളുടെ എണ്ണം (സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കകത്ത്)<br>• തനത് ജന്തുയിനങ്ങളുടെ സംരക്ഷണത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ ഫലപ്രാപ്തി.<br>• സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് പുറത്തുള്ള ശേഖരത്തിൽ നിന്നുള്ള ജേംപ്ലാസം ഉപയോഗത്തിന്റെ തോത്.<br>**സസ്യ ജനിതക വൈവിധ്യം:**<br>• തനതിനങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് (സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കകത്ത്)<br>• കൃഷിചെയ്യുന്ന വിസ്തൃതിയുടെയും, വിളവിന്റെയും തോത് (സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കകത്ത്)<br>• തനത് വിളയിനങ്ങളുടെയും അവയുടെ വന്യബന്ധുക്കളുടെയും സംരക്ഷണത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ ഫലപ്രാപ്തി.<br>• സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് പുറത്തുള്ള ശേഖരത്തിൽ നിന്നുള്ള ജേംപ്ലാസം . | • സ്പീഷീസുകൾ ഫലപ്രദമായി സംരക്ഷിക്കുന്നതിനും അവയുടെ ജനിതക വൈവിധ്യം പരിപാലിക്കുന്നതിനുമായി ടാക്സോണമി, സ്പീഷിസുകളുടെ വീണ്ടെടുക്കലും പരിപാലനവും, ബ്രീഡിംഗ്, നിരീക്ഷണം എന്നിവ നടത്തുന്നതിന് കഴിവുള്ള BSI, ZSI തുടങ്ങിയ സ്ഥാപനങ്ങളുടെ വർദ്ധനവും ശാക്തീകരണവും. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 5 – വന്യ ജീവജാലങ്ങളുടെ വിളവെടുപ്പ്, വ്യാപാരം, ഉപയോഗം.** | |
| • ഉപയോഗിച്ച സ്പീഷീസുകളുടെ റെഡ് ലിസ്റ്റ് സൂചിക<br>• വന്യജീവജാലങ്ങളുടെ സുസ്ഥിരോപയോഗ തോത്.<br>• അന്താരാഷ്ട്രതലത്തിൽ വ്യാപാരം നടത്തുന്ന ജീവജാലങ്ങളുടെയും ദേശാടന ജീവികളുടെയും റെഡ് ലിസ്റ്റ് സൂചിക.<br>• അറിയാതെ പിടിക്കപ്പെടുന്ന നാശോന്മുഖമാകാനിടയുള്ള സ്പീഷീസുകളുടെ എണ്ണം.<br>• വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുൾപ്പെടെയുള്ള സ്പീഷിസുകളുടെ നിയമപരവും അല്ലാത്തതുമായ വന്യജീവി വ്യാപാരത്തിന്റെ അനുപാതം.<br>• ദേശീയ ജൈവവൈവിധ്യ നയത്തിന്റെ ഭാഗമായി വ്യാപാരം ഉൾപ്പെടുത്തിയിട്ടുള്ള രാജ്യങ്ങളുടെ എണ്ണം.<br>• സംരക്ഷിത പ്രദേശങ്ങളായോ മറ്റു ഫലപ്രദമായിട്ടുള്ള സംരക്ഷണ രീതികളിലൂടെയോ സംരക്ഷിക്കപ്പെട്ടിട്ടുള്ള കരയിലെയും, ശുദ്ധജലത്തിലെയും സമുദ്രത്തിലെയും പ്രദേശങ്ങളുടെ അനുപാതം.<br>• മത്സ്യബന്ധനം, വേട്ടയാടൽ എന്നിവയിലൂടെ ദേശാടന ജീവികൾക്കും അവയുടെ ആവാസകേന്ദ്രങ്ങൾക്കും ഉണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലെ ഫലപ്രാപ്തി.<br>• മറൈൻ സ്റ്റവർഡ്ഷിപ്പ് കൌൺസിലുകളുടെ എണ്ണം.<br>• സുസ്ഥിരവും നിയമപരവുമായിട്ടുള്ള ജൈവവൈവിധ്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ വ്യാപാരത്തിന്റെയും വാണിജ്യത്തിന്റെയും തോത് (ജൈവവ്യാപാര തത്വങ്ങൾക്കും/ CITES നിർദ്ദേശങ്ങൾക്കും അനുസൃതമായിട്ട്).<br>• രാജ്യത്ത് സ്ഥാപിച്ചിട്ടുള്ള ഔഷധസസ്യ സംരക്ഷണ കേന്ദ്രങ്ങളുടെ (MPCAs) എണ്ണം.<br>• ഇന്ത്യൻ ചികിത്സാ സമ്പ്രദായങ്ങളിൽ ഉപയോഗിക്കുന്ന അസംസ്കൃത ഔഷധങ്ങൾ ലഭ്യമാകുന്ന സസ്യ ശേഖരത്തിന്റെ തോത്. | • ഉടമ്പടികളുടെയും നയങ്ങളുടെയും നിയമങ്ങളുടെയും പിൻബലത്തോടുകൂടി വന്യ ജീവജാലങ്ങളുടെ വിളവെടുപ്പ്, ഉപയോഗം, വ്യാപാരം എന്നിവ നിയന്ത്രിക്കുന്നതിനുള്ള നിരവധി കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകളും വകുപ്പുകളും, അന്താരാഷ്ട്ര ഏജൻസികൾ, ദേശീയ/സംസ്ഥാനതല ശാസ്ത്രീയ, ആസൂത്രണ പരിശീലന സ്ഥാപനങ്ങൾ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 6 – അധിനിവേശ ജീവജാലങ്ങൾ.** | |
| • അധിനിവേശ ജീവജാലങ്ങളുടെ വ്യാപനതോത്.<br>• റെഡ് ലിസ്റ്റ് സൂചിക (അധിനിവേശ ജീവജാലങ്ങൾ കൊണ്ടുണ്ടാകുന്ന ആഘാതങ്ങൾ)<br>• മുൻഗണനാടിസ്ഥാനത്തിലുള്ള അധിനിവേശ ജീവജാലങ്ങൾ, സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനം, തണ്ണീർത്തട പരിപാലനം എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള പരിപാലനത്തിനായി വികസിപ്പിച്ചിട്ടുള്ള പദ്ധതികളുടെ എണ്ണവും വിസ്തൃതിയും.<br>• അധിനിവേശ ജീവജാലങ്ങൾ ബാധിക്കപ്പെട്ട പ്രദേശങ്ങളുടെ വിസ്തൃതി.<br>• അധിനിവേശ ജീവജാലങ്ങളുടെ വ്യാപനത്തിന്റെയും ആഘാതത്തിന്റെയും തോത്.<br>• അധിനിവേശ ജീവജാലങ്ങളുടെ പരിപാലന തോത്.<br>• ദേശീയ ലിസ്റ്റിലുൾപ്പെട്ട അധിനിവേശ ജീവജാലങ്ങളുടെ എണ്ണം. | • അധിനിവേശ ജീവജാലങ്ങളുടെ പരിപാലനത്തിനായുള്ള സുപ്രധാന ഏജൻസികളെന്ന നിലയിൽ വനം, വന്യജീവി, പരിസ്ഥിതി, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം തുടങ്ങിയ സംസ്ഥാന വകുപ്പുകൾക്ക് മനുഷ്യശേഷിയിലൂടെയും, അടിസ്ഥാനസൌകര്യമായും, സാങ്കേതിക വിദ്യയിലൂടെയും, സാമ്പത്തികമായും സഹകരണം നൽകുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 7 – മലിനീകരണം മൂലമുള്ള അപകടങ്ങളും ദോഷഫലങ്ങളും കുറയ്ക്കുക.** | |
| • വളങ്ങളുടെ ഉപയോഗ തോത്.<br>• സുരക്ഷിതമായി സംസ്കരിച്ച ഗാർഹിക, വ്യാവസായിക മലിനജലത്തിന്റെ ഒഴുക്കിന്റെ അനുപാതം.<br>• റെഡ് ലിസ്റ്റ് സൂചിക (മലിനീകരണം മൂലമുള്ള ആഘാതം)<br>• ശേഖരിച്ചതും സംസ്കരിച്ചതുമായ നഗര ഖരമാലിന്യത്തിന്റെ തോത്.<br>• അപകടകരമായിട്ടുള്ള മാലിന്യങ്ങൾ പുറന്തള്ളുന്നതിന്റെ തോത്.<br>• തീവ്രഅപകടകാരികളായിട്ടുള്ള കീടനാശിനികളുടെ ഇനംതിരിച്ചുള്ള പേര്, അളവ്/ വ്യപ്തി/തീവ്രത (കരയിലെയും സമുദ്രങ്ങളിലെയും)<br>• വിളഭൂമിയിലെ കീടനാശിനികളുടെ ഉപയോഗത്തിന്റെ തോത്.<br>• വായു, ജല ഗുണനിലവാരത്തിന്റെയും ശബ്ദ മലിനീകരണത്തിന്റെയും സൂചിക.<br>• മനുഷ്യ വികസന സൂചിക – ഇന്ത്യയിലെ ജീവിതനിലവാര സൂചിക.<br>• തണ്ണീർത്തടങ്ങൾ/ നദികൾ/ ജലജീവികൾ എന്നിവയിലെ വിഷപദാർത്ഥങ്ങളുടെ അളവ്.<br>• ഇന്ത്യയിൽ വീണ്ടെടുത്ത വനപ്രദേശങ്ങളുടെ വിസ്തൃതി.<br>• ഭൂഗർഭജല മലിനീകരണത്തിന്റെയും ഭൂഗർഭജല വിതാനത്തിന്റെയും തോത്.<br>• കൃഷി/ജൈവ ഉൽപ്പന്നങ്ങൾ എന്നിവയിൽ രാസവസ്തുക്കളുടെയും വളങ്ങളുടെയും ഉപയോഗത്തിന്റെ തോത്.<br>• ·സംയോജിത പരിപാലനത്തിലൂടെ ശുദ്ധജലം പ്രദാനം ചെയ്യുന്ന തണ്ണീർത്തടങ്ങളുടെ എണ്ണം, വ്യാപ്തി.<br>• മെച്ചപ്പെട്ട ജല സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന ജനങ്ങളുടെ അനുപാതം.<br>• നഗരങ്ങളിലെ ഗ്രീൻ സ്പേസിന്റെ വ്യാപ്തി.. | • ഗവേഷണം, ശേഷി, സാങ്കേതികവിദ്യ എന്നിവയുടെ ശാക്തീകരണം, മനുഷ്യവിഭവശേഷി, നിരീക്ഷണ സംവിധാനങ്ങൾ, എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള സാമ്പത്തിക സഹായം തുടങ്ങിയ നിലവിലെ പ്രയത്നങ്ങളെ പരിപോഷിപ്പിക്കൽ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 8 – കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുക.** | |
| • ജൈവവൈവിധ്യം ഉൾപ്പെടുന്ന സെന്ററായി ദുരന്ത നിവാരണ ഫ്രെയിംവർക്ക് പ്രകാരം ദേശീയ ദുരന്ത നിവാരണ തന്ത്രങ്ങൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുള്ള രാജ്യങ്ങളുടെ എണ്ണം.<br>• ഭൂവിനിയോഗത്തിലൂടെയും ഭൂവിനിയോഗ മാറ്റത്തിലൂടെയുമുള്ള ദേശീയ ഹരിതഗൃഹ കണ്ടെത്തലുകളുടെ തോത്<br>• മണ്ണിനുമുകളിലുള്ള വനത്തിന്റെ ബയോമാസ് സ്റ്റോക്ക് (ടൺ/ഹെക്ടർ)<br>• ഭൂവിനിയോഗ വിഭാഗത്തിലെയും, പ്രകൃത്യാലുള്ളതും അല്ലാത്തതുമായ പ്രദേശത്തിന്റെയും കാർബൺ സ്റ്റോക്കും വാർഷിക ഹരിതഗൃഹ വാതക പുറന്തള്ളലും. (ശതമാനം).<br>• ജൈവവൈവിധ്യം ഉൾപ്പെടുത്തി നടപ്പിലാക്കിയ കാലാവസ്ഥാ വ്യതിയാന അനുരൂപണങ്ങളും ലഘൂകരണ സംവിധാനങ്ങളും. (എണ്ണം)<br>• കാലാവസ്ഥാ വ്യതിയാന സംസ്ഥാന കർമ്മപദ്ധതി നടപ്പിലാക്കൽ. (ശതമാനം)<br>• ജൈവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥാ സേവന വിലയിരുത്തൽ പഠനങ്ങളുടെയും എണ്ണവും ഫലപ്രാപ്തിയും.<br>• ജൈവവൈവിധ്യവുമായി ബന്ധപ്പെട്ടുള്ള പഠനങ്ങളുടെ എണ്ണവും വ്യാപ്തിയും<br>• ആവാസവ്യവസ്ഥാ സേവനങ്ങൾ, ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണത്തിനും പരിപോഷണത്തിനുമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിലൂടെയും, സംയോജിത നീർത്തട പരിപാലന പ്രോഗ്രാമിലൂടെയും നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങളുടെ എണ്ണവും ഫലപ്രാപ്തിയും. | • NAPCC ഉം അവയുടെ 8 മിഷനുകൾ, SAPCC എന്നിവയിലൂടെ നടപ്പിലാക്കൽ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 8 – കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുക.** | |
| • ജലസേചന പദ്ധതികളുടെ ഭാഗമായിട്ടുള്ള വൃഷ്ടിപ്രദേശങ്ങളുടെ വിസ്തൃതി.<br>• തിരഞ്ഞെടുത്ത ആവാസവ്യവസ്ഥാ സേവനങ്ങളുടെ സാമ്പത്തികവും സാമ്പത്തികേതരവുമായിട്ടുള്ള വിലയിരുത്തൽ പഠനങ്ങളുടെ എണ്ണവും ഫലപ്രാപ്തിയും.<br>• നയപരമായിട്ടുള്ള തീരുമാനങ്ങളിലും, ആസൂത്രണത്തിലും റിപ്പോർട്ടിംഗിലും ജൈവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥാ സേവനങ്ങളുടെയും പ്രതിഫലന തോത്.<br>• ജൈവവൈവിധ്യം ഉൾപ്പെടെയുള്ള പാരിസ്ഥിതിക ആഘാത വിലയിരുത്തലിന്റെയും, സ്ട്രാറ്റജിക എൻവയോൺമെന്റ് അസസ്മെന്റ് പഠനങ്ങളുടെ എണ്ണം (CEIA).<br>• ജൈവവൈവിധ്യത്തിനും ആവാസവ്യവസ്ഥാ സേവനങ്ങൾക്കും ഗുണകരമാകുന്ന ഇൻസന്റീവുകളുടെ കണ്ടെത്തൽ, വിലയിരുത്തൽ, നടപ്പിലാക്കൽ, ശാക്തീകരണം. | • NAPCC ഉം അവയുടെ 8 മിഷനുകൾ, SAPCC എന്നിവയിലൂടെ നടപ്പിലാക്കൽ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 9 – പലവിധ നേട്ടങ്ങൾക്കായി വന്യ ജീവജാലങ്ങളുടെ സുസ്ഥിരോപയോഗം** | |
| • വന്യ ജീവജാലങ്ങളുടെ സുസ്ഥിരോപയോഗത്തിലൂടെയുള്ള നേട്ടങ്ങളുടെ എണ്ണം.<br>• പരമ്പരാഗത തൊഴിലുകൾ ചെയ്യുന്ന ജനവിഭാഗങ്ങളുടെ ശതമാനം.<br>• ഊർജ്ജം, ആഹാരം, ആചാരം (വിറക് ശേഖരണം, വേട്ടയാൽ, മത്സ്യബന്ധനം, ഔഷധ ഉപയോഗം, കരകൌശല നിർമ്മാണം എന്നിവയുൾപ്പെടെ) എന്നീ ആവശ്യങ്ങൾക്കായി വന്യ വിഭവങ്ങൾ ഉപയോഗിക്കുന്ന ആളുകളുടെ എണ്ണം.<br>• റെഡ് ലിസ്റ്റ് സൂചിക (ഭക്ഷണത്തിനും ഔഷധത്തിനും ഉപയോഗിക്കുന്ന സ്പീഷീസുകൾ).<br>• ജൈവവൈവിധ്യ സുസ്ഥിരത തലത്തിലുൾപ്പെടുന്ന മത്സ്യ അളവിന്റെ അനുപാതം.<br>• നിയമപരമല്ലാത്തതും അനിയന്ത്രിതവുമായിട്ടുള്ള മത്സ്യബന്ധനം തടയുന്നതിനായി ലക്ഷ്യമിട്ടുള്ള അന്താരാഷ്ട്ര രീതികൾ നടപ്പാക്കിയതിന്റെ തോത്.<br>• വാണിജ്യാടിസ്ഥാനത്തിൽ ചൂഷണം ചെയ്യുന്ന സ്പീഷിസുകളുടെ അണ്ഡോൽപ്പാദന അളവ്.<br>• ഇടക്കാല-ദീർഘകാല സംരക്ഷണ സംവിധാനങ്ങളിലൂടെ പരിപാലിക്കപ്പെട്ടിട്ടുള്ള, ആഹാരത്തിനും കൃഷിക്കും ഉപയോഗിക്കുന്ന സസ്യ-ജന്തു ജനിതക വിഭവങ്ങളുടെ എണ്ണം.<br>• ബി.എം.സി. കൾ തയ്യാറാക്കിയിട്ടുള്ള പി.ബി.ആറുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഔഷധസസ്യങ്ങളുടെ പരമ്പരാഗത ഉപയോഗങ്ങളുടെ എണ്ണം. | • ഫീൽഡുതല സംരക്ഷണത്തിനും പരിപാടികൾ നടപ്പിലാക്കുന്നതിനും സഹായം നൽകുന്ന സംസ്ഥാന വനംവകുപ്പും മറ്റു വകുപ്പുകളും. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 10 – കൃഷി, മൃഗസംരക്ഷണം, അക്വാകൾച്ചർ, മത്സ്യബന്ധനം, വനപ്രദേശങ്ങൾ എന്നിവയുടെ സുസ്ഥിര പരിപാലനം.** | |
| • ഉൽപ്പാദനക്ഷമതയുള്ളതും സുസ്ഥിരതയുള്ളതുമായി കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതിയുടെ അനുപാതം.<br>• സുസ്ഥിര വനപരിപാലനത്തിലെ പുരോഗതി.<br>• സുസ്ഥിര വനപരിപാലനത്തിലുൾപ്പെട്ട വനപ്രദേശത്തിന്റെ വിസ്തൃതി: ഫോറസ്റ്റ് സ്റ്റുവർഡ്ഷിപ്പ് കൌൺസിലിന്റെ ഫോറസ്റ്റ് മാനേജ്മെന്റ് സർട്ടിഫിക്കേഷൻ, ഫോറസ്റ്റ് സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിനുള്ള പ്രോഗ്രാം.<br>• ലിംഗ, പരമ്പരാഗത വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ, ചെറുകിട ഭക്ഷ്യോൽപ്പാദകരുടെ ശരാശരി വരുമാനം.<br>• കാർഷിക ജൈവവൈവിധ്യ സൂചിക.<br>• മണ്ണിന്റെ ജൈവ കാർബൺ സ്റ്റോക്കിലെ മാറ്റങ്ങൾ<br>• റെഡ് ലിസ്റ്റ് സൂചിക (വളർത്തുമൃഗങ്ങളുടെ വന്യബന്ധുക്കൾ)<br>• റെഡ് ലിസ്റ്റ് സൂചിക (പരാഗണം നടത്തുന്ന സ്പീഷീസുകൾ)<br>• വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ ബ്രീഡുകളുടെ അനുപാതം.<br>• ആകെയുള്ള കരപ്രദേശത്തിൽ നാശോന്മുഖമായിട്ടുള്ളവയുടെ അനുപാതം.<br>• ജൈവകൃഷി, സംയോജിത കീട നിയന്ത്രണം എന്നിവ നടത്തുന്ന പ്രദേശങ്ങളുടെ വിസ്തൃതി.<br>• ജൈവകൃഷി സർട്ടിഫിക്കേഷനുകളുടെ എണ്ണം.<br>• കാർഷിക രാസ വളങ്ങളുടെ ഉൽപ്പാദനം/ഉപയോഗത്തിന്റെ തോത്.<br>• ജൈവവളം/ ജൈവ ഇന്ധനം, വെർമികമ്പോസ്റ്റ് എന്നിവയുടെ ഉപയോഗത്തിന്റെ തോത്.<br>• മണ്ണിന്റെ ഗുണനിലവാരം, ഭൂവിനിയോഗം | • ജൈവവൈവിധ്യ മൂല്യങ്ങൾ, ആവാസവ്യവസ്ഥാ സേവനങ്ങൾ, ഉൽപ്പാദനക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിനായി കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും, വനം, മത്സ്യബന്ധനം, അക്വാകൾച്ചർ എന്നിവ അനുരൂപപ്പെടുത്തുന്നതിനുമുള്ള പ്രയത്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുക.<br>• ക്ലൈമറ്റ് സ്മാർട്ട് അഗ്രിക്കൾച്ചർ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 10 – കൃഷി, മൃഗസംരക്ഷണം, അകാകൾച്ചർ, മത്സ്യബന്ധനം, വനപ്രദേശങ്ങൾ എന്നിവയുടെ സുസ്ഥിര പരിപാലനം.** | |
| • ഫാമുകളിലെ ഊർജ്ജ ഉപഭോഗം. (ഇനം/ഉറവിടം)<br>• ഭൂഗർഭ ജലവിതാനത്തിന്റെ അളവ്.<br>• കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെയും സർവ്വകലാശാലകളിലെയും ജൈവ ഉൽപ്പാദനം നടത്തുന്ന വിസ്തൃതിയിലെ വർദ്ധനവ്.<br>• പ്രാദേശികമായിട്ട്  കാണപ്പെടുന്ന തനതിനങ്ങളുടെ (landraces) ഉപയോഗത്തിന്റെ തോത്.<br>• പരിസ്ഥിതിയുമായി കൂടുതൽ അനുരൂപപ്പെട്ടിട്ടുള്ളതും വീടുകളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ സാധിക്കുന്നതുമായ പ്രാദേശിക വിളകളുടെയും ഇനങ്ങളുടെയും ഉപയോഗത്തിന്റെ തോത്.<br>• നാശോന്മുഖമായിട്ടുള്ള വനപ്രദേശങ്ങളുടെ വിസ്തൃതി.<br>• വീണ്ടെടുത്ത വനപ്രദേശങ്ങളുടെ വിസ്തൃതി.<br>• വൻകിട/ വിനാശകാരികളായ ഫിഷിംഗ് ഗിയറുകളുടെ വിൽപ്പനയുടെ (ഉദാ– purse-seine, bottom trawlers) തോത്.<br>• ട്രോളിംഗിന്റെ ആവർത്തനം.<br>• മത്സ്യ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ<br>• തീരദേശ സംസ്ഥാനങ്ങളിൽ മത്സ്യബന്ധന ബോട്ടുകൾക്ക് നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം.<br>• തടിയേതര വനവിഭവങ്ങളുടെ ഉൽപ്പാദന തോത്.<br>• കാർഷിക വിളകളുടെ വന്യ ബന്ധുക്കളുടെ എണ്ണം | • ജൈവവൈവിധ്യ മൂല്യങ്ങൾ, ആവാസവ്യവസ്ഥാ സേവനങ്ങൾ, ഉൽപ്പാദനക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിനായി കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും, വനം, മത്സ്യബന്ധനം, അകാകൾച്ചർ എന്നിവ അനുരൂപപ്പെടുത്തുന്നതിനുമുള്ള പ്രയത്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുക.<br>• ക്ലൈമറ്റ് സ്മാർട്ട് അഗ്രിക്കൾച്ചർ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 11 – ആവാസവ്യവസ്ഥാ സേവനങ്ങളുടെ പരിപാലനവും വായു, ജലം, അപകടങ്ങൾ, തീവ്രമായ സ്ഥിതിഗതികൾ എന്നിവയുടെ നിയന്ത്രണവും.** | |
| • ആവാസവ്യവസ്ഥകൾ പ്രദാനം ചെയ്യുന്ന സേവനങ്ങൾ.<br>• ലക്ഷം പേരിൽ, ദുരന്തങ്ങളിൽ മരണപ്പെടുന്നവരുടെയും, കാണാതാകുന്നവരുടെയും, നേരിട്ട് ബാധിക്കുന്നവരുടെയും എണ്ണം.<br>• സുരക്ഷിതമല്ലാത്ത ജലത്തിലൂടെയും, ശുചിത്വമില്ലായ്മയിലൂടെയും, വൃത്തിയില്ലായ്മയിലൂടെയും ഉണ്ടായിട്ടുള്ള മരണനിരക്ക്.<br>• നഗരങ്ങളിലെ പൊടിപടലങ്ങളുടെ വാർഷിക ശരാശരി (ഉദാ– 2.5 പി.എം. & 10 പി.എം.)<br>• ഉയർന്ന ജല ഗുണനിലവാരമുള്ള ജലാശയങ്ങളുടെ അനുപാതം.<br>• ജലമലിനീകരണം., വായു മലിനീകരണം. (തോത്)<br>• പ്രവർത്തന നയങ്ങളുള്ളതും, ജല–ശുചിത്വ പരിപാലനത്തിൽ പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികളുള്ളതുമായ പ്രദേശിക ഭരണ സംവിധാനങ്ങളുടെ അനുപാതം.<br>• സുരക്ഷിതമായിട്ടുള്ള കുടിവെള്ള സേവനം പ്രയോജനപ്പെടുന്ന ജനസംഖ്യയുടെ അനുപാതം.<br>• വീടുകളിലെയും വായു മലിനീകരണത്തിലൂടെയുമുള്ള മരണനിരക്ക്.<br>• വായുവിന്റെ ഗുണനിലവാരത്തിലെ സ്ഥിതിയും പ്രവണതകളും; ഭൌതിക–രാസ, മൈക്രോബിയൽ ഘടകങ്ങൾ, കീടനാശിനികൾ, സൂക്ഷ്മ ലോഹങ്ങൾ തുടങ്ങിയ ജലഗുണനിലവാരം നിരീക്ഷിക്കൽ: ശബ്ദത്തിന്റെ അളവിലെ പ്രവണതകൾ.<br>• കാർഷിക ആവാസവ്യവസ്ഥകളിലെ മണ്ണിന്റെ ആരോഗ്യ സൂചിക. | • ബോധവൽക്കരണം, വിദ്യാഭ്യാസം, സാമ്പത്തികം, സാങ്കേതിക വിദ്യയുടെ കൈമാറ്റം, ശാസ്ത്രീയ സഹകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നയങ്ങൾ, നിയമങ്ങൾ, ഭരണ സംവിധാനങ്ങൾ എന്നിവയെ പരിപോഷിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 12 – ഹരിത നീലയിടങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി അവയുടെ വിസ്തൃതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുക.** | |
| • നഗരങ്ങളിൽ എല്ലാവരുടെ പൊതു ഉപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള ഹരിത/നീലയിടങ്ങളുടെ ശരാശരി വിസ്തൃതി.<br>• വിനോദവും, സാംസ്കാരികവുമായിട്ടുള്ള ആവാസവ്യവസ്ഥാ സേവനങ്ങൾ<br>• നഗര വനയോജന നടപ്പിലാക്കുന്ന നഗരങ്ങളുടെ എണ്ണം.<br>• ജൈവവൈവിധ്യ പാർക്കുകളുടെ എണ്ണം.<br>• സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ് തയ്യാറാക്കിയിട്ടുള്ള നഗരങ്ങളുടെ എണ്ണം.<br>• ഉദ്യാനങ്ങൾ, ഫലോദ്യാനങ്ങൾ, മറ്റു ഹരിത-നീലയിടങ്ങളുടെ വിസ്തൃതിയും എണ്ണവും.<br>• കാവുകളുടെയും കാവുമരങ്ങളുടെയും എണ്ണം. | • നഗര പ്രദേശങ്ങളിലെ പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ബോധവൽക്കരണം, നൂതന സാങ്കേതികവിദ്യയും സമീപനങ്ങളും, വിദ്യാഭ്യാസം, പൊതു സ്വകാര്യ പങ്കാളിത്തം, സാമ്പത്തിക സ്രോതസ്സുകൾ എന്നിവ അത്യാവശ്യമാണ്. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 13 – ഉപയോഗവും പ്രയോജനങ്ങളുടെ പങ്കുവെയ്ക്കലും വർദ്ധിപ്പിക്കുക.** | |
| • ലഭ്യമായ സാമ്പത്തിക നേട്ടങ്ങളുടെ സൂചകങ്ങൾ<br>• ലഭ്യമായ സാമ്പത്തികേതര നേട്ടങ്ങളുടെ സൂചകങ്ങൾ.<br>• ജനിതക വിഭവങ്ങളും അനുബന്ധ പരമ്പരാഗത അറിവുകളും വിനിയോഗിക്കുന്നതിന് നൽകിയിട്ടുള്ള അനുമതികളുടെ എണ്ണം. (ഏതുതരം അനുമതികൾ)<br>• Multilateral system of the International Treaty on Plant Genetic Resources for Food and Agriculture (ITPGRFA) മുഖേന രാജ്യത്ത് കൈമാറ്റം ചെയ്തിട്ടുള്ള വിളകളുടെ എണ്ണം.<br>• ജനിതക വിഭവങ്ങളുടെ വിനിയോഗത്തിന് നൽകിയിട്ടുള്ള അനുമതികളുടെ എണ്ണം.<br>• എ.ബി.എസ്. ക്ലിയറിംഗ് ഹൌസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അന്താരാഷ്ട്ര അംഗീകാരമുള്ള സർട്ടിഫിക്കേറ്റുകളുടെ എണ്ണം.<br>• മുൻകൂർ അനുമതി ആവശ്യമുള്ളതും, എ.ബി.എസിന്റെ നിയമപരവും ഭരണപരവും നയപരവുമായിട്ടുള്ള നടപടികൾ എ.ബി.എസ്. ക്ലിയറിംഗ് ഹൌസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ രാജ്യങ്ങളുടെ എണ്ണം.<br>• പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കിടൽ ഉറപ്പാക്കുന്നതിന് നിയമപരവും, ഭരണപരവും, നയപരവുമായിട്ടുള്ള ഫ്രെയിംവർക്ക് ഉണ്ടാക്കിയിട്ടുള്ള രാജ്യങ്ങളുടെ എണ്ണം.<br>• ജൈവവൈവിധ്യ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനുമായി വിനിയോഗിച്ച സാമ്പത്തികവും സാമ്പത്തികേതരവുമായിട്ടുള്ള നേട്ടങ്ങളുടെ ശതമാനം. | • ജൈവവൈവിധ്യം, പി.ബി.ആർ, എ.ബി.എസ്. എന്നിവയിൽ ബി.എം.സി. കൾക്ക് ബോധവൽക്കരണവും കാര്യക്ഷമതാ പരിപോഷണവും.<br>• മനുഷ്യശേഷി, അടിസ്ഥാന സൌകര്യം, ആവശ്യമായ സാമ്പത്തികം എന്നീ കാര്യങ്ങളിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളെ ശാക്തീകരിക്കൽ.<br>• ജൈവവൈവിധ്യ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് പി.ബി.ആറുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 13 – ഉപയോഗവും പ്രയോജനങ്ങളുടെ പങ്കുവെയ്ക്കലും വർദ്ധിപ്പിക്കുക.** | |
| • ബൌദ്ധിക സ്വത്തവകാശത്തിനായുള്ള പ്രൊപ്പോസലുകളുടെ എണ്ണം.<br>• ജൈവവിഭവങ്ങളുടെയും അനുബന്ധ നാട്ടറിവുകളുടെയും വിനിയോഗം മൂന്നാംകക്ഷിയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് അനുമതി ചോദിച്ചുകൊണ്ടുള്ള കേസുകളുടെ എണ്ണം.<br>• ഗവേഷണ ഫലങ്ങൾ വിദേശ രാജ്യങ്ങൾ, കമ്പനികൾ, പ്രവാസികൾ എന്നിവർക്ക് കൈമാറ്റം ചെയ്യുന്നതിന് എൻ.ബി.എ. യുടെ മുൻകൂർ അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള കേസുകളുടെ എണ്ണം.<br>• ജൈവവിഭവങ്ങളും അനുബന്ധ പരമ്പരാഗത അറിവുകളും വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള കേസുകളുടെ എണ്ണം.<br>• സമൂഹങ്ങൾക്കും വ്യക്തികൾക്കും ലഭിച്ചിട്ടുള്ള ജീനോം സേവിയർ അവാർഡുകളുടെ എണ്ണം.<br>• റെപ്പോസിറ്ററികളിലെയും, ജീൻ ബാങ്കുകളിലെയും ആക്സഷനുകളുടെ എണ്ണം. | • ജൈവവൈവിധ്യം, പി.ബി.ആർ, എ.ബി.എസ്. എന്നിവയിൽ ബി.എം.സി. കൾക്ക് ബോധവൽക്കരണവും കാര്യക്ഷമതാ പരിപോഷണവും.<br>• മനുഷ്യശേഷി, അടിസ്ഥാന സൌകര്യം, ആവശ്യമായ സാമ്പത്തികം എന്നീ കാര്യങ്ങളിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളെ ശാക്തീകരിക്കൽ.<br>• ജൈവവൈവിധ്യ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് പി.ബി.ആറുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 14 – ജൈവവൈവിധ്യം മുഖ്യധാരയിലേക്ക്** | |
| • പരിസ്ഥിതി സാമ്പത്തിക ഓഡിറ്റിംഗ്<br>• കാർബൺഡയോക്സൈഡ് പുറന്തള്ളൽ<br>• ജലവിനിയോഗത്തിന്റെ തോത്.<br>• ദേശീയ ജൈവവൈവിധ്യ ആസൂത്രണ കർമ്മപരിപാടിയിലെ (NBSAP) പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ശതമാനം)<br>• സംസ്ഥാന ജൈവവൈവിധ്യ ആസൂത്രണ കർമ്മപരിപാടി (SBSAP) തയ്യാറാക്കൽ.<br>• സംസ്ഥാന ജൈവവൈവിധ്യ ആസൂത്രണ കർമ്മപരിപാടിയിലെ (SBSAP) പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ശതമാനം).<br>• പ്രാദേശിക ജൈവവൈവിധ്യ ആസൂത്രണ കർമ്മപരിപാടി (LBSAP) തയ്യാറാക്കൽ.<br>• പ്രാദേശിക ജൈവവൈവിധ്യ ആസൂത്രണ കർമ്മപരിപാടിയിലെ (LBSAP) പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ശതമാനം).<br>• വികസിപ്പിച്ചെടുത്തിട്ടുള്ളതും നടപ്പിലാക്കിയതുമായ മുഖ്യധാര ജൈവവൈവിധ്യ സൂചിക. | • NBSAP, SBSAP, ആവാസവ്യവസ്ഥാ സമീപനങ്ങൾ, ഭൂപ്രകൃതി സമീപനങ്ങൾ എന്നിവ മുഖ്യധാര ജൈവവൈവിധ്യത്തിന് പ്രയോജനപ്രദമാണ്. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 15 – സുസ്ഥിര ഉൽപ്പാദനവും, വിതരണ ശൃംഖലകളും, അപകട സാധ്യത വെളിപ്പെടുത്തലും.** | |
| • ജൈവവൈവിധ്യത്തിന്മേലുള്ള അപകടങ്ങൾ, ആശ്രയത്വം, ആഘാതങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യുന്ന കമ്പനികളുടെ എണ്ണം.<br>• വംശനാശഭീഷണി നേരിടുന്ന സ്പീഷീസുകളുടെയും വീണ്ടെടുത്തവയുടെയും എണ്ണം.<br>• സുസ്ഥിരത റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന കമ്പനികളുടെ എണ്ണം.<br>• മേഖലാടിസ്ഥാനത്തിലുള്ള ബിസിനസ്സ് റസ്പോൺസിബിലിറ്റിയും സുസ്ഥിരത റിപ്പോർട്ടും സമർപ്പിച്ചിട്ടുള്ള കമ്പനികളുടെ എണ്ണം.<br>• ജൈവവൈവിധ്യം ഉൾപ്പെടുത്തുന്നതിനായി, ബിസിനസ്സ് റസ്പോൺസിബിലിറ്റി റിപ്പോർട്ടും സുസ്ഥിരത റിപ്പോർട്ടും വിലയിരുത്തൽ.<br>• മേഖലാടിസ്ഥാനത്തിൽ വികസിപ്പിച്ചിട്ടുള്ളതും എല്ലാ തൽപ്പരകക്ഷികളുമായി ആശയവിനിമയം നടത്തിയിട്ടുള്ളതുമായ ജൈവവൈവിധ്യ റിപ്പോർട്ടിംഗ് പ്രോട്ടോകോളുകൾ.<br>• ജൈവവൈവിധ്യ പരിപാലന നയങ്ങൾ. | • വൻകിട കമ്പനികളുടെ നയങ്ങളിൽ ബിസിനസ്സ് റസ്പോൺസിബിലിറ്റി, സസ്റ്റയിനബിലിറ്റി റിപ്പോർട്ടിംഗുകൾ ഉൾപ്പെടുത്തുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 16 – സുസ്ഥിരേതര ഉപഭോഗം ഇല്ലാതാക്കൽ.** | |
| • ഭക്ഷ്യമാലിന്യ സൂചിക<br>• വ്യക്തിഗത മെറ്റീരിയൽ ഫൂട്ട്പ്രിന്റ്.<br>• ഉപഭോഗത്തിന്റെ ആഗോള പാരിസ്ഥിതിക ആഘാതങ്ങൾ.<br>• ഇക്കോളജിക്കൽ ഫൂട്ട്പ്രിന്റ്.<br>• പുനഃചംക്രമണ തോത്<br>• ജീവിതചക്ര ആഘാത നിർണ്ണയം<br>• വികസ്വര രാജ്യങ്ങളിലെ ദാരിദ്ര്യത്തിന്റെ തലം.<br>• പരിസ്ഥിതിയുമായി അനുരൂപപ്പെട്ടിട്ടുള്ള പ്രാദേശിക വിളകളുടെയും ഇനങ്ങളുടെയും ഉപയോഗം.<br>• പരാഗണം പോലുള്ള പാരിസ്ഥിതിക സേവനങ്ങളെ ദോഷകരമായി ബാധിക്കുന്ന കാർഷിക നയങ്ങളുടെയും പദ്ധതികളുടെയും വിലയിരുത്തൽ.<br>• ഗോതമ്പിന്റെയും അരിയുടെയും വിളവെടുപ്പിനു ശേഷമുള്ള ശേഖരണവും, കേന്ദ്ര/സംസ്ഥാന ശേഖരത്തിൽ നിന്നുള്ള വിതരണ നഷ്ടവും.<br>• മാലിന്യം തരംതിരിക്കൽ സമ്പ്രദായങ്ങൾ നടപ്പിലാക്കുന്ന മുനിസിപ്പൽ കോർപ്പറേഷനുകൾ.<br>• പ്രകൃതി വിഭവങ്ങളുടെ ആളോഹരി വിനിയോഗത്തിലെ മാറ്റത്തിന്റെ ശതമാനം. | • നയപരവും നിയമപരവുമായിട്ടുള്ള ഫ്രെയിംവർക്കുകൾ, വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, ഉചിതവും കൃത്യവുമായ വിവരങ്ങൾ ലഭ്യമാക്കൽ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 17 – ജൈവസുരക്ഷ നിയന്ത്രണ സാധ്യതകൾ ശാക്തീകരിക്കൽ.** | |
| • നിയമപരവും ഭരണപരവുമായിട്ടുള്ള ജൈവസുരക്ഷാ സംവിധാനങ്ങളുള്ള രാജ്യങ്ങളുടെ എണ്ണം.<br>• അവരവരുടെ ജൈവസുരക്ഷ സംവിധാനങ്ങൾ നടപ്പിലാക്കുന്ന രാജ്യങ്ങൾ.<br>• ജൈവസാങ്കേതികവിദ്യയിലൂടെയുള്ള ഉൽപ്പന്നങ്ങൾ തിരിച്ചറിയുന്നതിനുള്ള സംവിധാനങ്ങളുള്ള രാജ്യങ്ങളുടെ എണ്ണം.<br>• ജൈവസുരക്ഷ തീർപ്പുണ്ടാക്കലിന് സഹായകമാകുന്നതരത്തിൽ ശാസ്ത്രീയമായി അപകട നിർണ്ണയം നടത്തുന്ന രാജ്യങ്ങളുടെ എണ്ണം.<br>• അപകട നിയന്ത്രണ സംവിധാനങ്ങൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന രാജ്യങ്ങളുടെ എണ്ണം.<br>• ബയോസേഫ്റ്റി കാർട്ടജീന പ്രോട്ടോകോളിന്റെ പ്രസക്തമായിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്ന അംഗരാജ്യങ്ങളുടെ ശതമാനം.<br>• വീണ്ടെടുക്കലിനും നഷ്ടപരിഹാരത്തിനും നിയമപരവും സാങ്കേതികവുമായിട്ടുള്ള സംവിധാനങ്ങളുള്ള രാജ്യങ്ങളുടെ എണ്ണം.<br>• നഗോയ–ക്വാലാലംപൂർ സപ്ലിമെന്ററി പ്രോട്ടോകോളിന്റെ അംഗരാഷ്ട്രങ്ങളുടെ ശതമാനം. | • ജൈവസാങ്കേതികവിദ്യയും ജൈവസുരക്ഷയു കൈകാര്യം ചെയ്യുന്നതിന് സഹായകമാകുന്ന നയങ്ങളും റെഗുലേറ്ററി ഫ്രെയിംവർക്കുകളും ആവശ്യമാണ്. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 17 – ജൈവസുരക്ഷ നിയന്ത്രണ സാധ്യതകൾ ശാക്തീകരിക്കൽ.** | |
| • ജൈവവൈവിധ്യ സംരക്ഷണത്തിനും അവയുടെ സുസ്ഥിരോപയോഗത്തിനുമുണ്ടാകുന്ന നാശം വീണ്ടെടുക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനുമുള്ള സംവിധാനങ്ങളുള്ള രാജ്യങ്ങളുടെ ശതമാനം.<br>• ജൈവസാങ്കേതികവിദ്യ ജൈവവൈവിധ്യത്തെയും മനുഷ്യാരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്നത് സംബന്ധിക്കുന്ന വിവരങ്ങൾ കൈമാറ്റം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുള്ള രാജ്യങ്ങളുടെ എണ്ണം.<br>• സ്ഥാപിച്ചിട്ടുള്ള ജൈവസുരക്ഷ ലബോറട്ടറികളുടെ എണ്ണം.<br>• സ്ഥാപിതമായിട്ടുള്ള ജൈവസുരക്ഷ തലം.<br>• പരിശീലനങ്ങൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള സാങ്കേതിക വിഭവങ്ങളുടെ എണ്ണവും പ്രാദേശികതലത്തിലും ദേശീയതലത്തിലും നടത്തിയിട്ടുള്ള പരിശീലനങ്ങളുടെ എണ്ണവും.<br>• വിവരങ്ങൾ ലഭ്യമാകുന്നതിനും പങ്കുവെയ്ക്കുന്നതിനുമുള്ള ഓൺലൈൻ സ്രോതസ്സുകൾ. | • ജൈവസാങ്കേതികവിദ്യയും ജൈവസുരക്ഷയു കൈകാര്യം ചെയ്യുന്നതിന് സഹായകമാകുന്ന നയങ്ങളും റെഗുലേറ്ററി ഫ്രെയിംവർക്കുകളും ആവശ്യമാണ്. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 18 – ദോഷകരമായിട്ടുള്ള പ്രോത്സാഹനങ്ങൾ (ഇൻസന്റീവുകൾ) പുനഃക്രമീകരിക്കുക** | |
| • ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിരോപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പോസിറ്റീവ് ഇൻസന്റീവുകൾ.<br>• ജൈവവൈവിധ്യത്തിന് ദോഷകരമാകുന്നതിനാൽ പൂർണ്ണമായും നിർത്തലാക്കിയ സബ്സിഡികളുടെയും മറ്റ് ഇൻസന്റീവുകളുടെയും മൂല്യം.<br>• ജൈവവൈവിധ്യ ടാക്സുകളുള്ള രാജ്യങ്ങളുടെ എണ്ണം.<br>• ജൈവവൈവിധ്യ ചാർജ്ജുകളും ഫീസുകളും ഉള്ള രാജ്യങ്ങളുടെ എണ്ണം.<br>• ജൈവവൈവിധ്യ പ്രസക്തമായി വ്യാപാര പെർമിറ്റ് സ്കീമുകളുള്ള രാജ്യങ്ങളുടെ എണ്ണം.<br>• കൃഷിയ്ക്ക് നൽകുന്ന സർക്കാർ സഹായങ്ങളിലെ പാരിസ്ഥിതികമായി ദോഷകരമായിട്ടുള്ള ഘടകങ്ങൾ. (ഉൽപ്പാദക സഹായം)<br>• സർക്കാർ ഫോസിൽ ഇന്ധന സഹായ സംവിധാനങ്ങളുടെ മൂല്യവും എണ്ണവും.<br>• ഒരു യൂണിറ്റ് ജി.ഡി.പി. യുടെ ഫോസിൽ ഇന്ധന സബ്സിഡിയുടെ തുക (ഉൽപ്പാദനവും ഉപഭോഗവും).<br>• ദോഷകരമായിട്ടുള്ള സബ്സിഡികൾ പുനഃക്രമീകരിക്കുന്നതിനുള്ള നയ സംവിധാനങ്ങളുടെ എണ്ണം.<br>• ഹരിത ബഡ്ജറ്റിനായി അനുവദിച്ചിട്ടുള്ള ബഡ്ജററിന്റെ ശതമാനം. | • ദോഷകരമായിട്ടുള്ള ഇൻസന്റീവുകളും സബ്സിഡികളും കണ്ടെത്തുക, രേഖപ്പെടുത്തൽ, ദോഷകരമായിട്ടുള്ള ഇൻസന്റീവുകളെ ഉചിതമായി പുനഃക്രമീകരിക്കുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 19 – വിഭവ സമാഹരണം** | |
| • ജൈവവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥകളുടെയും സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനുമായുള്ള അന്തർദേശീയ പൊതു ഫണ്ടിംഗുകൾ.<br>• ജൈവവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥകളുടെയും സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനുമായുള്ള ആഭ്യന്തര പൊതു ഫണ്ടിംഗുകൾ.<br>• ജൈവവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥകളുടെയും സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനുമായുള്ള സ്വകാര്യ (അന്തർദേശീയവും ആഭ്യന്തരവും) ഫണ്ടിംഗുകൾ.<br>• ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റിയിലൂടെ ഫണ്ട് ചെയ്തിട്ടുള്ള തുകയും, ജൈവവൈവിധ്യ മേഖലയ്ക്കായി നീക്കിവച്ചിട്ടുള്ള തുകയും.<br>• OECD ക്രഡിറ്റർ റിപ്പോർട്ടിംഗ് സിസ്റ്റത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ജൈവവൈവിധ്യവുമായി ബന്ധപ്പെട്ടിട്ടുള്ള ഫിനാൻസ് ഘടകങ്ങളും തുകയും.<br>• വികസ്വര രാജ്യങ്ങൾക്ക് ഉറപ്പുനൽകിയിട്ടുള്ള സാമ്പത്തിക സാങ്കേതിക സഹായത്തിന്റെ ഡോളർ മൂല്യം.<br>• ജൈവവൈവിധ്യവുമായി ബന്ധപ്പെട്ടിട്ടുള്ള മനുഷ്യോപകാരപ്രദമായിട്ടുള്ള (ഫിലാന്ത്രോപ്പിക് ) ഫണ്ടിംഗിന്റെ തുക.<br>• സമുദ്ര സാങ്കേതികവിദ്യയിലെ ഗവേഷണത്തിനായി അനുവദിച്ചിട്ടുള്ള ഗവേഷണ ബജറ്റിന്റെ അനുപാതം. | • ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങളുടെ വിസ്തൃതിയ്ക്കനുസൃതമായി അനുയോജ്യമായ ഫണ്ട് സംസ്ഥാനങ്ങൾക്ക് നൽകുന്നത് പ്രോത്സാഹിപ്പിക്കുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 19 – വിഭവ സമാഹരണം** | |
| • പാരിസ്ഥിതികമായിട്ടുള്ള സാങ്കേതികവിദ്യയുടെ വികസനം, കൈമാറ്റം, വ്യാപനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വികസ്വര രാജ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിംഗിന്റെ ആകെ തുക.<br>• ആവാസവ്യവസ്ഥാ സേവനങ്ങൾക്ക് പേമെന്റ് ഉള്ള രാജ്യങ്ങളുടെ എണ്ണം.<br>• KM-GBF ഉം ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളും നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സുകൾ.<br>• KM-GBF ഉം ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളും നടപ്പിലാക്കുന്നതിനുള്ള മനുഷ്യശേഷി.<br>• KM-GBF ഉം ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളും നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ.<br>• KM-GBF ഉം ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളും നടപ്പിലാക്കുന്നതിനുള്ള സി.എസ്.ആർ. ഫണ്ടിന്റെ ശതമാനം.<br>• നൂതന സാമ്പത്തിക മാർഗ്ഗങ്ങൾ (ഉദാ– ബയോഡൈവേഴ്സിറ്റി ക്രഡിറ്റ്, ഗ്രീൻ ബോണ്ട്, എ.ബി.എസ്. etc. (Source: MoEFCC, NBA, SBB) | • ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങളുടെ വിസ്തൃതിയ്ക്കനുസൃതമായി അനുയോജ്യമായ ഫണ്ട് സംസ്ഥാനങ്ങൾക്ക് നൽകുന്നത് പ്രോത്സാഹിപ്പിക്കുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 20 – കാര്യക്ഷമതാ വികസനവും, ശാസ്ത്ര-സാങ്കേതിക സഹകരണവും.** | |
| • പ്രാദേശികതലത്തിലും സാമൂഹികതലത്തിലും ഉള്ള പരിശീലനങ്ങൾ/കാര്യക്ഷമതാ പരിപോഷണം, മൊഡ്യൂളുകൾ തയ്യാറാക്കൽ എന്നിവയിലെ പ്രവണതകൾ.<br>• പരിശീലനം നൽകിയിട്ടുള്ള ബി.എം.സി. കളുടെയും ത്രിതല പഞ്ചായത്തുകളുടെയും എണ്ണം.<br>• വിവിധ വിഭാഗങ്ങൾക്കായുള്ള ബോധവൽക്കരണ യോഗങ്ങൾ/കാര്യക്ഷമതാ പരിപോഷണ ശിൽപ്പശാലകൾ/സെമിനാറുകൾ/കോൺഫറൻസുകൾ.<br>• ജൈവവൈവിധ്യ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനും വേണ്ടിയുള്ള നൂതന സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനുമായി ശാസ്ത്ര സ്ഥാപനങ്ങളുമായി ഒപ്പുവെച്ചിട്ടുള്ള ധാരണാപത്രങ്ങളുടെ എണ്ണം.<br>• ബി.എം.സി. കൾ സ്വയം മെച്ചപ്പെടുത്തിയ പി.ബി.ആറുകളുടെ എണ്ണം.<br>• ജൈവൈവിധ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തുന്ന വിവിധ മന്ത്രാലയങ്ങളുടെ പോർട്ടലുകളുടെ എണ്ണം.<br>• ബൌദ്ധിക സ്വത്തവകാശത്തിനായുള്ള അപേക്ഷകളും അനുവദിച്ചവയും. (GI & PPVFRA ഉൾപ്പെടെ) (എണ്ണം) | • ജൈവവൈവിധ്യ സംരക്ഷണ വെല്ലുവിളികൾ നേരിടുന്നതിനുള്ള പരിവർത്തനങ്ങൾ പരിഗണിക്കുമ്പോൾ, ദേശീയ അന്തർദേശീയ തലത്തിലുള്ള ശാസ്ത്ര, പരിശീലന സ്ഥാപനങ്ങളുമായുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 21 – ആശയവിനിമയം, ബോധവൽക്കരണം, അറിവ് സംരക്ഷണം** | |
| • ആഗോള ജൈവവൈവിധ്യ ഫ്രെയിംവർക്ക് നിരീക്ഷിക്കുന്നതിനുള്ള ജൈവവൈവിധ്യ വിവരങ്ങളുടെ സൂചകം.<br>• സ്പീഷീസ് സ്റ്റാറ്റസ് സൂചകം.<br>• ആഗോള പൌരത്വ വിദ്യാഭ്യാസം, സുസ്ഥിര വികസന വിദ്യാഭ്യാസം, ലിംഗ സമത്വം, മനുഷ്യാവകാശങ്ങൾ തുടങ്ങിയവ ദേശീയ വിദ്യാഭ്യാസ നയങ്ങൾ, കരിക്കുലം, അധ്യാപക വിദ്യാഭ്യാസം, വിദ്യാർത്ഥികളുടെ വിലയിരുത്തൽ എന്നീ തലങ്ങളിലുൾപ്പെടുത്തിയിട്ടുള്ളതിന്റെ തോത്.<br>• ലിവിംഗ് പ്ലാനറ്റ് സൂചക ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടുള്ള സ്പീഷീസുകളുടെയും റെക്കോർഡുകളുടെയും എണ്ണത്തിലെ വളർച്ച.<br>• ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഇൻഫൊർമേഷൻ ഫെസിലിറ്റി മുഖേന ലഭ്യമാകുന്ന സ്പീഷീസ് വ്യാപന റെക്കോർഡുകളുടെ വളർച്ച തോത്.<br>• OBIS മുഖേന ലഭ്യമാകുന്ന മറൈൻ സ്പീഷീസ് വ്യാപന റെക്കോർഡുകളുടെ വളർച്ച തോത്.<br>• IUCN Red list of Threatened Species ൽ ഉൾപ്പെട്ടിട്ടുള്ള സ്പീഷീസുകളുടെ അനുപാതം.<br>• IUCN Red list of Threatened Species ലെ ആകെ എണ്ണം.<br>• World Association of Zoos and Aquariums (WAZA), ജൈവ സാക്ഷരത സർവ്വേ.<br>• സ്പീഷീസ് സ്റ്റാറ്റസ് വിവര സൂചകം.<br>• യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിസ്ഥിതി സംബന്ധമായിട്ടുള്ള പ്രോഗ്രാമുകളും പദ്ധതികളും.<br>• രൂപീകരിച്ചിട്ടുള്ളതും/പ്രവർത്തനക്ഷമവുമായിട്ടുള്ള സംയുക്ത വനപരിപാലന കമ്മിറ്റികളുടെ (JFMCs) എണ്ണം. | • ജൈവൈവിധ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ, മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ, സംസ്ഥാന വകുപ്പുകൾ, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ എന്നിവയുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനായി 'ബയോഡൈവേഴ്സിറ്റി ഡിസിഷൻ സപ്പോർട്ട് സിസ്റ്റം' എന്ന പേരിൽ ഒരു കേന്ദ്രീകൃത വെബ് പോർട്ടൽ.<br>• നയങ്ങൾ, കർമ്മപദ്ധതികൾ, ജൈവൈവിധ്യവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയുടെ ശാക്തീകരണം, ഏകോപനം, കണ്ടെത്തലുകൾ, ശാസ്ത്രീയ കൈമാറ്റങ്ങൾ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 21 – ആശയവിനിമയം, ബോധവൽക്കരണം, അറിവ് സംരക്ഷണം** | |
| • പാരിസ്ഥിതിക ബോധവൽക്കരണത്തിനായി പ്രവർത്തിക്കുന്ന സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ/എൻ.ജി.ഒ., പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, 2006 ലെ വനാവകാശ നിയമപ്രകാരമുള്ള സാമൂഹിക വനാവകാശ കമ്മിറ്റികൾ, എന്നിവയുടെ എണ്ണം.<br>• ഇ–പി.ബി.ആർ. മുഖേന ഡിജിറ്റൈസ് ചെയ്യുന്ന ജൈവവൈവിധ്യ വിവരങ്ങൾ (ഉറവിടം: എൻ.ബി.എ.).<br>• ജൈവവൈവിധ്യ പ്രശ്നങ്ങൾ അച്ചടി, ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയുമുള്ള കവറേജിന്റെ ആവർത്തനം.<br>• ഇന്ത്യൻ ജേണലുകളിൽ ജൈവവൈവിധ്യ സംബന്ധമായിട്ടുള്ള ഗവേഷണങ്ങൾ പ്രസിദ്ധീകരിക്കുന്നതിലെ പ്രവണതകൾ.<br>• ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ഫീച്ചർ ഫിലിമുകളുടെയും ഡോക്യുമെന്ററികളുടെയും എണ്ണം.<br>• സയൻസ് സെന്ററുകൾ/ മ്യൂസിയം എന്നിവിടങ്ങളിലെ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട എക്സിബിറ്റുകളുടെയും ഗാലറികളുടെയും എണ്ണം.<br>• വ്യവസായ സ്ഥാപനങ്ങൾക്കും വ്യാപാരികൾക്കും ബി.എം.സി. കൾ നൽകിയിട്ടുള്ള സർട്ടിഫിക്കേറ്റ് ഓഫ് ഒറിജിനിന്റെ എണ്ണം. (PIC)<br>• ബി.എം.സി.കൾ വ്യവസായ സ്ഥാപനങ്ങളും വ്യാപാരികളുമായി ഒപ്പുവെച്ചിട്ടുള്ള ധാരണാപത്രങ്ങളുടെ എണ്ണം (PIC യുടെ ഭാഗമായി)<br>• സംരക്ഷിത പ്രദേശങ്ങൾ, നാച്വറൽ ഹിസ്റ്ററി മ്യൂസിയം, എക്സിബിഷനുകൾ, സുവോളജിക്കൽ/ ബൊട്ടാണിക്കൽ ഗാർഡനുകൾ എന്നിവിടങ്ങളിലെ സന്ദർശനങ്ങളുടെ തോത്. | • ജൈവൈവിധ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ, മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ, സംസ്ഥാന വകുപ്പുകൾ, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ എന്നിവയുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനായി 'ബയോഡൈവേഴ്സിറ്റി ഡിസിഷൻ സപ്പോർട്ട് സിസ്റ്റം' എന്ന പേരിൽ ഒരു കേന്ദ്രീകൃത വെബ് പോർട്ടൽ.<br>• നയങ്ങൾ, കർമ്മപദ്ധതികൾ, ജൈവൈവിധ്യവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയുടെ ശാക്തീകരണം, ഏകോപനം, കണ്ടെത്തലുകൾ, ശാസ്ത്രീയ കൈമാറ്റങ്ങൾ. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 22 – തീരുമാനമെടുക്കുന്നതിൽ തുല്യവും ഫലപ്രദവുമായ പങ്കാളിത്തം.** | |
| • (എ) നിയമപരമായിട്ടുള്ള ഡോക്യുമെന്റേഷനുള്ളതും (ബി) സുരക്ഷിത കാലാവധിയിൽ ഭൂഅവകാശം നേടിയെടുത്തവരും ഉൾപ്പെടെ സുരക്ഷിത കാലാവധിയിൽ ഭൂഅവകാശമുള്ള ആകെയുള്ള മുതിർന്ന ജനതയുടെ അനുപാതം (ലിംഗം, കാലാവധി, തരം എന്നിവയുടെ അടിസ്ഥാനത്തിൽ)<br>• ദേശീയതലത്തിൽ താരതമ്യം ചെയ്യുമ്പോൾ, എ) നിയമനിർമ്മാണം, (ബി) പൊതുസേവനം, (സി) ജുഡീഷ്യറി ഉൾപ്പെടെയുള്ള ദേശീയ, പ്രാദേശിക സ്ഥാപനങ്ങളിലെ സ്ഥാനങ്ങളുടെ ശതമാനം (ലിംഗം, വയസ്സ്, അംഗപരിമിതർ, ജനസംഖ്യാ വിഭാഗങ്ങൾ എന്നീ അടിസ്ഥാനത്തിൽ).<br>• ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഉറപ്പുവരുത്തുന്നതിന് സംവിധാനങ്ങളുള്ള രാജ്യങ്ങളുടെ എണ്ണം.<br>• ആകെ കർഷക ജനസംഖ്യാനുപാതത്തിൽ ലിംഗാടിസ്ഥാനത്തിൽ കൃഷിഭൂമിയിൽ സുരക്ഷിത കാലാവധിയിൽ അവകാശമുള്ളവർ, (ബി) ഉടമസ്ഥരിൽ സ്ത്രീകളുടെ ഓഹരി/ കൃഷി ഭൂമിയുടെ അവകാശികൾ.<br>• ഭൂമിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും സ്ത്രീകൾക്കും തുല്യാവകാശം നിയമപരമായിട്ടുള്ള സംവിധാനങ്ങളിലൂടെ ഉറപ്പുവരുത്തുന്ന രാജ്യങ്ങളുടെ എണ്ണം.<br>• ഭരണനിർവ്വഹണ തുല്യതാ വിലയിരുത്തലുകൾ പൂർത്തിയാക്കിയിട്ടുള്ള സംരക്ഷിത പ്രദേശങ്ങളുടെ എണ്ണം (SAGE). | • ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികളും സ്കീമുകളും നടപ്പിലാക്കുന്നതിന് SBBs, BMCs, JFMCs എന്നിവയുടെ ശേഷിയും വിഭവങ്ങളും രീതികളും മെച്ചപ്പെടുത്തുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 22 – തീരുമാനമെടുക്കുന്നതിൽ തുല്യവും ഫലപ്രദവുമായ പങ്കാളിത്തം.** | |
| • വർഷംതോറും കൊല്ലപ്പെടുന്ന പരിസ്ഥിതി മനുഷ്യാവകാശ പ്രവർത്തകരുടെ എണ്ണം (രാജ്യം, ലിംഗം, കൊല്ലപ്പെടുന്ന പരമ്പരാഗത പരിസ്ഥിതി മനുഷ്യാവകാശ പ്രവർത്തകർ എന്നീ അടിസ്ഥാനത്തിൽ).<br>• പരമ്പരാഗത ജനതയുടെയും പ്രാദേശിക സമൂഹത്തിന്റെയും (ലിംഗം, കാലാവധി, തരം എന്നിവയുടെ അടിസ്ഥാനത്തിൽ) ഭൂമിയുടെ കാലാവധി (പരമ്പരാഗത പ്രദേശങ്ങളിൽ).<br>• ലിംഗം, വയസ്സ്, അംഗപരിമിതി, ജനവിഭാഗങ്ങൾ എന്നിവരുടെ അഭിപ്രായങ്ങൾ തീർപ്പുണ്ടാക്കലിൽ പരിഗണിക്കണമെന്ന് വിശ്വസിക്കുന്ന ജനങ്ങളുടെ അനുപാതം.<br>• ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട സർക്കാർ സ്കീമുകൾ ലഭ്യമാകുന്ന വിഭാഗങ്ങളുടെ എണ്ണം (ഉറവിടം– വിവിധ സർക്കാർ വകുപ്പുകളുടെ പോർട്ടലുകൾ)<br>• ജൈവവിഭവങ്ങളുടെ ഉപയോഗത്തിലൂടെ ദുർബലവിഭാഗങ്ങൾക്ക് ലഭ്യമാകുന്ന നേട്ടങ്ങളുടെ മൂല്യം (വിവര ഉറവിടം– NBA & SBB)<br>• വനാവകാശങ്ങളുടെയും സമൂഹത്തിന് ലഭ്യമായവയുടെയും തോത്.<br>• ദേശീയ ഹരിത ട്രിബ്യൂണൽ ഉൾപ്പെടെ തീർപ്പാക്കിയ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം. | • ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികളും സ്കീമുകളും നടപ്പിലാക്കുന്നതിന് SBBs, BMCs, JFMCs എന്നിവയുടെ ശേഷിയും വിഭവങ്ങളും രീതികളും മെച്ചപ്പെടുത്തുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ –
# സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
|---|---|
| **ദേശീയ ലക്ഷ്യം 23 – തീരുമാനമെടുക്കുന്നതിലും നടപ്പാക്കുന്നതിലുമുള്ള ലിംഗസമത്വം.** | |
| • ദേശീയ പാർലമെന്റിലെയും പ്രാദേശിക സർക്കാരിലെയും സ്ത്രീ പ്രാതിനിധ്യത്തിന്റെ അനുപാതം.<br>• ലിംഗ കർമ്മപദ്ധതി ദേശീയമായി നടപ്പാക്കുന്നതിലെ സൂചകം.<br>• (എ) നിയമപരമായിട്ടുള്ള ഡോക്യുമെന്റേഷനുള്ളതും (ബി) സുരക്ഷിത കാലാവധിയിൽ ഭൂഅവകാശം നേടിയെടുത്തവരും ഉൾപ്പെടെ സുരക്ഷിത കാലാവധിയിൽ ഭൂഅവകാശമുള്ള ആകെയുള്ള മുതിർ ജനതയുടെ അനുപാതം (ലിംഗം, കാലാവധി, തരം എന്നിവയുടെ അടിസ്ഥാനത്തിൽ)<br>• ദേശീയതലത്തിൽ താരതമ്യം ചെയ്യുമ്പോൾ, എ) നിയമനിർമ്മാണം, (ബി) പൊതുസേവനം, (സി) ജുഡീഷ്യറി ഉൾപ്പെടെയുള്ള ദേശീയ, പ്രാദേശിക സ്ഥാപനങ്ങളിലെ സ്ഥാനങ്ങളുടെ ശതമാനം (ലിംഗം, വയസ്സ്, അംഗപരിമിതർ, ജനസംഖ്യാ വിഭാഗങ്ങൾ എന്നീ അടിസ്ഥാനത്തിൽ).<br>• ആകെ കർഷക ജനസംഖ്യാനുപാതത്തിൽ ലിംഗാടിസ്ഥാനത്തിൽ കൃഷിഭൂമിയിൽ സുരക്ഷിത കാലാവധിയിൽ അവകാശമുള്ളവർ, (ബി) ഉടമസ്ഥരിൽ സ്ത്രീകളുടെ ഓഹരി/ കൃഷി ഭൂമിയുടെ അവകാശികൾ.<br>• ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഉറപ്പുവരുത്തുന്നതിന് സംവിധാനങ്ങളുള്ള രാജ്യങ്ങളുടെ എണ്ണം. | • ബി.എം.സി. കളിൽ സ്ത്രീകളുടെ ഫലപ്രദമായിട്ടുള്ള പ്രാതിനിധ്യവും പങ്കാളിത്തവും ഉറപ്പാക്കുക, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട എല്ലാതലങ്ങളിലെ പ്രവർത്തനങ്ങളിലും, നയരൂപീകരണത്തിലും തീർപ്പുണ്ടാക്കലിലും സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ – സൂചകങ്ങളും പ്രവർത്തനരീതികളും

| സൂചകങ്ങൾ | പ്രവർത്തനങ്ങൾ (നടപ്പിലാക്കൽ രീതി) |
| --- | --- |
| **ദേശീയ ലക്ഷ്യം 23 – തീരുമാനമെടുക്കുന്നതിലും നടപ്പാക്കുന്നതിലുമുള്ള ലിംഗസമത്വം.** | |
| • ഭരണനിർവ്വഹണ തുല്യതാ വിലയിരുത്തലുകൾ പൂർത്തിയാക്കിയിട്ടുള്ള സംരക്ഷിത പ്രദേശങ്ങളുടെ എണ്ണം (SAGE).<br>• ലിംഗം, വയസ്സ്, അംഗപരിമിതി, ജനവിഭാഗങ്ങൾ എന്നിവരുടെ അഭിപ്രായങ്ങൾ തീർപ്പുണ്ടാക്കലിൽ പരിഗണിക്കണമെന്ന് വിശ്വസിക്കുന്ന ജനങ്ങളുടെ അനുപാതം.<br>• ഭൂമിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും സ്ത്രീകൾക്കും തുല്യാവകാശം നിയമപരമായിട്ടുള്ള സംവിധാനങ്ങളിലൂടെ ഉറപ്പുവരുത്തുന്ന രാജ്യങ്ങളുടെ എണ്ണം.<br>• പ്രാഥമിക/സെക്കന്ററി വിദ്യാഭ്യാസം/ആരോഗ്യ സേവനങ്ങൾ/സുരക്ഷിത കുടിവെള്ളം/വൈദ്യുതി/ റോഡുകൾ എന്നിവ ലഭ്യമാകുന്ന സ്ത്രീകളുടെ എണ്ണം.<br>• ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട ലിംഗാടിസ്ഥാനത്തിലുള്ള പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ബജറ്റ്.<br>• സ്ത്രീകളായിട്ടുള്ള ബി.എം.സി. അംഗങ്ങൾക്കുള്ള പരിശീലനങ്ങളുടെ എണ്ണം.<br>• സാമ്പത്തിക സാമൂഹിക ശാക്തീകരണത്തിനായി ജൈവവിഭവങ്ങൾ കൈകാര്യം ചെയ്യുന്ന സ്ത്രീ സ്വയം സഹായം സംഘങ്ങളുടെ എണ്ണം. | • ബി.എം.സി. കളിൽ സ്ത്രീകളുടെ ഫലപ്രദമായിട്ടുള്ള പ്രാതിനിധ്യവും പങ്കാളിത്തവും ഉറപ്പാക്കുക, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട എല്ലാതലങ്ങളിലെ പ്രവർത്തനങ്ങളിലും, നയരൂപീകരണത്തിലും തീർപ്പുണ്ടാക്കലിലും സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക. |

# നന്ദി